www.wadirahma.org

Lead Square
WADIRAHMA

# WADI VOICE

## Students Bulletin

ലക്കം2 നവംബർ 2020
Published By : The Students Union, Lead Square Wadirahma

# സ്നേഹക്കടലായ പ്രവാചകൻ




ലോക ചരിത്രത്തിൽ എന്നും വാഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്ന വർഷങ്ങളെത്ര പിന്നിട്ടിട്ടും ഇന്നും  മനുഷ്യ മനസ്സുകളിൽ  ജീവിച്ചു കൊണ്ടിരിക്കുന്ന ഒരേയൊരു മഹത് വ്യക്തിത്വം. ഒരുപക്ഷെ എഴുതി തുടങ്ങിയാൽ താളുകൾ പോരാതെ വന്നേക്കാം., മഷിക്കുപ്പി തീർന്ന് പോയേക്കാം .
 ലോകത്തെ ഏറ്റവും പ്രകാശ പൂരിതമായ ആ സാമീപ്യം ഇന്നു നമുക്കിടയിൽ പല രൂപങ്ങളിലായി കാണാൻ സാധിക്കും..സ്നേഹമായി, കരുണയായി, ധീരതയായി, ക്ഷമയായി, വിനയമായി, ഉദാരതയായി, അങ്ങനെയങ്ങനെ      .....

മുഹമ്മദ് നബി (സ്വ )യുടെ ഒരു മുഖ ചിത്രം പോലും നമുക്കിടയിലില്ല എന്നത് തന്നെയാണ് വസ്തുത. എന്നാൽ, അദ്ദേഹത്തിന്റെ ഓരോ പ്രവർത്തിയും, ചലനങ്ങളുമായ കിടപ്പ്, നടപ്പ്, ഇരിപ്പ് മുതൽ ഓരോ ചലനങ്ങളും ചരിത്രത്തിൽ മായാതെ തിളങ്ങുന്നുണ്ട്. അവ  ജീവിത്തിൽ അപ്പടി പകർത്തി ജീവിക്കുന്ന അഥവാ അങ്ങനെ ജീവിക്കാൻ വേണ്ടി ശ്രമിച്ചു കൊണ്ടേയിരിക്കുന്നവരുടെ മഹത്വം എത്രയെന്നത് എണ്ണി തിട്ട പെടുത്താനാവുന്നതല്ല.

പ്രവാചകൻ സ്നേഹത്തിന്റെ പെയ്ത്തായിരുന്നു, കാരുണ്യത്തിന്റെ താഴ്വാരമായിരുന്നു, ക്ഷമയുടെ സ്രോതസ്സ് ആയിരുന്നു , ഉദാരത നിറഞ്ഞ ധീരനായിരുന്നു. വർണ്ണിച്ചാൽ തീരാനാകാത്ത വർണ്ണനയുടെ അഥവാ  ഉത്തമ സ്വഭാവത്തിന്റെ രാജാവായിരുന്നു. ഓരോ ഹദീഥും അതിന്റെ ഉദാഹരണമാണ്. നീതിയെല്ലാം മരണപ്പെട്ടുകൊണ്ടിരുക്കുന്ന ഈ കാലത്ത്, താഴ്ന്ന ജാതിക്കാരെ വേട്ടയാടിക്കൊണ്ടിരുക്കുന്ന ഈ ലോകത്ത്, തെറ്റുകൾ കുമിഞ്ഞു കൂടി കൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ ഒരിക്കൽ മുഹമ്മദ്  നബി (സ്വ ) ജീവിതം മനം തുറന്ന് വായിക്കേണ്ടതുണ്ട്, ഒരു ഉത്തമ സമൂഹത്തിലേക്കും ജീവിതത്തിലേക്കുള്ള മാർഗ രേഖയാണ് അതെന്നത് ഒരു തരി പോലും സംശയമില്ലാതെ ആണയിട്ട് പറയാനാകും. അദ്ദേഹത്തിന്റെ ഓരോ നിലപാടുകളും ഇടപാടുകളും എത്രമാത്രം നമുക്കിടയിൽ ഇന്നും എന്നും എന്നപോലെ വിലപ്പെട്ടതാണെന്ന് മനസിലാക്കാൻ സാധിക്കും

ഷാന യാസ്മിൻ
ക്ലാസ്സ് XII



# SINGLE STAR

I loved the night too
As the sunset in the depths
I and I waited for the empty
night with the twinkling of
an eye and the music of
darkness
There is the joy of a pain
hidden in loneliness
A pain recognized only by
those who love the night and
those who love silence
Can't many stars be seen
alone in another vast world
that is the sky?
Even when alone, do they not
shine brighter than those in the crowd?

Fathima Jumana XI

# കുട്ടികളുടെ മുത്തുനബി

നമുക്കെല്ലാവർക്കും അറിയാം നമ്മുടെ അന്ത്യ പ്രവാചകൻ മുഹമ്മദ് നബി (സ) കുട്ടികളെ നന്നായി ഇഷ്ടപ്പെടുന്ന വ്യക്തിയായിരുന്നുവെന്ന്. മദീനയുടെ തെരുവുകളിൽ അന്ന് പെരുന്നാളിന്റെ തിരക്കായിരുന്നു. വഴിയോരങ്ങളിൽ കളിപ്പാട്ടക്കച്ചവടക്കാരും മിഠായി വിൽപനക്കാരും നിറഞ്ഞിരിക്കുകയാണ്. കടകളിൽ മുന്തിയ തരം ഈന്തപ്പഴങ്ങൾ നിരത്തിവെച്ചിരിക്കുന്നു . സുറുമയും ,സുഗന്ധ ദ്രവ്യങ്ങളും വാങ്ങാൻ  കുട്ടികൾ മാതാപിതാക്കളെ നിർബന്ധിക്കുന്നു. പുതിയ വസ്ത്രങ്ങൾ ധരിച്ചു കൊണ്ട് കുട്ടികൾ അങ്ങുമിങ്ങും  ഓടി നടക്കുകയാണ്.

നേരം പുലർന്നു. പ്രഭാത പ്രാർഥനക്കും  പെരുന്നാൾ നമസ്കാരത്തിൽ പങ്കുകൊള്ളുന്നതിനും വേണ്ടി എല്ലാവരും മൈതാനത്തേക്കു നീങ്ങുകയാണ്. അക്കൂട്ടത്തിൽ നമ്മുടെ നബിയും ഉണ്ടായിരുന്നു. സ്വന്തം പുത്രിയായ ഫാത്തിമയുടെ മക്കൾ ഹസ്സനെയും  ഹുസൈനെയും ചുമലിലേറ്റി തിടുക്കത്തിൽ നടന്നു വരികയായിരുന്നു നബി. പെട്ടന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ നബി (സ) കേട്ടു . വേഗം നബി തങ്ങൾ കരച്ചിൽ കേട്ട ഭാഗത്തേക്കു നടന്നു നീങ്ങി. അവിടെ ഒരു പാവം കുട്ടിയെ നബി തങ്ങൾ കണ്ടു. അവന്റെ വസ്ത്രമെല്ലാം കീറിയിരുന്നു.

നബി (സ) അവനോടു കാര്യം തിരക്കി.

അവൻ പറഞ്ഞു . ‘എല്ലാവർക്കും പെരുന്നാളിനു പുതിയ കുപ്പായവും ചെരിപ്പുമൊക്കെ ഉണ്ട്. എനിക്ക് അതൊന്നും വാങ്ങിത്തരാനോ എന്നെ പെരുന്നാൾ നമസ്കാരത്തിന് കൊണ്ടു പോകാനോ ആരും ഇല്ല’.

അവൻ വീണ്ടും കരയാൻ തുങ്ങി. അവന് ഉപ്പയില്ല. ഉമ്മാക്ക്  സുഖവുമില്ല. എല്ലാം കേട്ട ശേഷം നബി തിരുമേനി അവനെയുമെടുത്തു കൊണ്ട് ഫാത്തിമ (റ) യുടെ വീട്ടിൽ പോയി. അവരുടെ രണ്ടു മക്കളെ നോക്കുന്നതു പോലെ തന്നെ അവനെയും നോക്കാൻ പറഞ്ഞു. അവനു ഭക്ഷണം കൊടുത്തു, കുളിപ്പിച്ചു . വസ്ത്രങ്ങൾ ധരിപ്പിച്ചു, വേഗത്തിൽ അവനെയുമെടുത്തു പെരുന്നാൾ നമസ്കാരത്തിനു പോയി.
അന്നു മുതൽ അവൻ അവിടുത്തെ ഒരംഗമായി വളർന്നു.
എത്ര കാരുണ്യവാനാണ് നമ്മുടെ നബി തങ്ങൾ.
അനാഥകുട്ടികളെ സ്വന്തം മക്കളെപ്പോലെ സംരക്ഷിച്ച മഹത് വ്യക്തിയായിരുന്നു മുത്തുനബി.

Roobi Khan
Class IX





# പുസ്തക പരിചയം

Majid Ummer
Class-8

'അൽഫ് ലൈലൻ വ ലൈലൻ' എന്ന അറബി ഭാഷയിൽ രചിച്ച ആയിരത്തൊന്നു രാവുകളിലെ കഥകളിൽ ഒന്നായ സിന്ദ്ബാദിന്റെ സാഹസികയാത്രകൾ എന്ന പുസ്തകം കുട്ടികൾക്കും മുതിർന്നവർക്കും നല്ല വായനാനുഭവം സമ്മാനിക്കുന്നു. സിന്ദ്ബാദിന്റെ കടലിലൂടെയുള്ള സാഹസിക യാത്രകൾ ആണ് ഇതിൽ വിവരിക്കുന്നത്. വായന തുടങ്ങിയാൽ അവസാനം വരെ ആകാംക്ഷ നിലനിർത്തുന്ന രീതിയിലാണ് കഥ പറച്ചിൽ . അതുകൊണ്ടുതന്നെ വായിച്ചു കഴിഞ്ഞാൽ മാത്രമേ നമുക്ക് പുസ്തകം താഴെ വെക്കാൻ തോന്നുകയുള്ളൂ.

സിന്ദ്ബാദ് തന്റെ യാത്രയ്ക്കിടയിൽ ഒരു ദ്വീപിൽ എത്തിപ്പെട്ടു. അവിടത്തെ രാജകൊട്ടാരത്തിൽ ആയിരുന്നു താമസം. രാജ്യം എപ്പോഴും കടൽക്കൊള്ളക്കാരുടെ ആക്രമണത്തിൽ ആയിരുന്നതിനാൽ രാജാവും രാജകുമാരിയും എപ്പോഴും ദുഃഖിതരായി കാണപ്പെട്ടു. രാജകുമാരിയുടെ ആവശ്യപ്രകാരം സിന്ദബാദ് കടൽക്കൊള്ളക്കാരെ തുരത്തുകയും സന്തോഷ സൂചകമായി രാജകുമാരിയെ സിന്ദ്ബാദിന് വിവാഹം കഴിച്ചു കൊടുക്കുകയും ചെയ്തു.

എന്നാൽ സിന്ദ്ബാദിന്റെ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. രാജകുമാരി രോഗബാധിതയായി. കുറച്ചു ദിവസങ്ങൾക്കു ശേഷം രാജകുമാരി മരണപ്പെട്ടു. മരിക്കുന്നതിനു തൊട്ടു മുമ്പ് എന്തോ സിന്ദബാദിനോട് മന്ത്രിച്ചു. പക്ഷേ വാക്കുകൾ മുറിഞ്ഞു.

മരണാനന്തര ചടങ്ങുകൾക്കിടയിലാണ് ആ ഞെട്ടിക്കുന്ന വാർത്ത സിന്ദ്ബാദ് അറിഞ്ഞത്.ഭാര്യ മരിച്ചാൽ അവരോടൊപ്പം തന്നെ ഭർത്താവിനെ അടക്കം ചെയ്യും. രാജ്യത്തെ മര്യാദകൾ പാലിക്കാതെ പറ്റുമോ?

നൂറ്റാണ്ടുകൾക്കു മുമ്പു രചിച്ച മനോഹരമായ ഈ കൃതി പല ഭാഷകളിലേക്കും മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അബ്ദുല്ല പേരാമ്പ്ര പുനരാഖ്യാനം ചെയ്ത പുസ്തകം പ്രതീക്ഷ ബുക്സ് ആണ് പ്രസിദ്ധീകരിച്ചത്.



# അവൾ

ഉടുപ്പിൽ തെളിഞ്ഞ ചുമന്നപാടുകൾ.
ഓടിത്തിമിർത്തുകൊതി തീരുംമുമ്പേ പടിയിറങ്ങിയ
ബാല്യകാലത്തെയോർത്തു മന്ദഹാസം.

പിറന്നുവീണ പെൺപ്പൈതലിനെ നോക്കിയാരോ
മുറുമുറുത്തു  മുളയിലേ നുള്ളായിരുന്നില്ലേയെന്ന് !

കുഞ്ഞിളം ചിരിയിൽ വേദന വിഴുങ്ങിയവൾ.
തീയടുപ്പിലൂതിയൂതി വെന്തു ,  പഴി കൊഞ്ഞനം കുത്തി.

അക്ഷരങ്ങൾ പ്രണയിച്ചപ്പോയവളെയാരോ തച്ചമർത്തി.
സ്വപ്നം തേടി പറക്കവേ ചിറകരിഞ്ഞു വീഴ്ത്തി.

നോക്കിത്തുറുപ്പിക്കുന്ന  കഴുകകണ്ണുകളെ
കുത്തിയമർത്താൻ സൂചിയായയുധമായി കരുതിയവൾ.

പിച്ചി ചീന്തുന്ന കാമഭ്രാന്തന്മാരെ പേടിച്ചിട്ടാവണം
അമ്മ കുഞ്ഞിനെ കഴുത്തറുത്തു കൊന്നത്രേ !

കാലമെന്നൊരാ ചക്രം കുതിച്ചുപായവെ,
അച്ഛനുമേട്ടനും മാഷിനുമെല്ലാം മറവി പ്രാപിച്ചു.
ഇന്നു പെണ്ണിന് പെണ്ണാണ് രക്ഷാകവചം.

രത്നകല്ലുകളിൽ കോറലേൽക്കാതിരിക്കാൻ,
ഇരുട്ടിൽ വീണവർക്ക് തെളിച്ചം  പകരാൻ,
കൈപിടിച്ച്, ഒച്ചവെച്ച്, കവാടങ്ങളാഞ്ഞു തട്ടി,
പെൺകൂട്ടങ്ങളങ്ങനെ ഉയരെ ഉയരങ്ങളിലേക്ക്.

Shana Yasmine
Class: XII



കൊടിയത്തൂർ: ലീഡ് സ്ക്വയർ വാദിറഹ്മ വിദ്യാർഥികളുടെ ബുള്ളറ്റിൻ 'വാദി വോയ്സ് ' ഗവേർണിംഗ് ബോഡി ചെയർമാൻ കെ.സി.സി ഹുസൈൻ സ്വിച്ച് ഓൺ ചെയ്ത് പ്രകാശന കർമ്മം നിർവഹിച്ചു. ചടങ്ങിൽ ചീഫ് മെന്റർ ഹസ്സൻ സർ, അഡ്മിനിസ്ട്രേറ്റർ അൻവർ ഫാസിൽ, അധ്യാപകരായ മജീദ് സർ ഹാദി സർ എന്നിവർ സംബന്ധിച്ചു.

# മത്സര വിജയികൾ (സെപ്തംബർ)

**പുസ്തകാവലോകന വീഡിയോ**

ഹയർ സെക്കന്ററി : ഷാന യാസ്മിൻ
ഹൈസ്കൂൾ : ഫുആദ് സനീൻ
യു.പി : ഫമീൽ യാസീൻ

**അറിവ് ദിനപത്ര ക്വിസ്**

| ഒന്നാം സ്ഥാനം: | രണ്ടാം സ്ഥാനം: | മൂന്നാം സ്ഥാനം: |
|---|---|---|
| ഷാനാ യാസ്മിൻ<br>ഫുആദ് സനീൻ<br>ഫമീൽ യാസീൻ | നിസാം മുഹമ്മദ് | നിഹാൽ. പി.സി<br>അമൽ സഫർ |

# മത്സര വിജയികൾ (ഒക്ടോബർ)

## പുസ്തകാവലോകന രചന

**ഹയർ സെക്കന്ററി**
ഒന്നാം സ്ഥാനം: നിഹാല കെ.സി
രണ്ടാം സ്ഥാനം: സുൽത്താന മെഹബൂബ്

**ഹൈസ്കൂൾ**
ഒന്നാം സ്ഥാനം: അഹമ്മദ് അൽ അംരി
രണ്ടാം സ്ഥാനം: മിൻഹ

**യു.പി**
ഒന്നാം സ്ഥാനം: ആയിഷ ഹുസ്ന
രണ്ടാം സ്ഥാനം: ഫമീൽ യാസീൻ

## ഡയറിക്കുറിപ്പ്

ഹയർ സെക്കന്ററി
ഒന്നാം സ്ഥാനം: ഷാന യാസ്മിൻ
രണ്ടാം സ്ഥാനം: സ!!ൈ!!ന ഫാത്തിമ സാജിദ്

**ഹൈസ്കൂൾ**
ഒന്നാം സ്ഥാനം: ഫുആദ് സനീൻ
രണ്ടാം സ്ഥാനം: അഹമ്മദ് അൽ അംരി

**യു.പി**
ഒന്നാം സ്ഥാനം: ഫമീൽ യാസീൻ
രണ്ടാം സ്ഥാനം: മുഹമ്മദ് വസീം

## മൊബൈൽ ഫോട്ടോഗ്രാഫി

**ഹയർ സെക്കന്ററി**
ഒന്നാം സ്ഥാനം: ഹാഫിസ് മുഹമ്മദ്
രണ്ടാം സ്ഥാനം: ഫിദ യാസിർ

**ഹൈസ്കൂൾ**
ഒന്നാം സ്ഥാനം: മുഹമ്മദ് സിദ്ദാൻ
രണ്ടാം സ്ഥാനം: സൽമ എം.സി

**യു.പി**
റഹീൽ ഷാഹിദ്

## അറിവ് ദിനപത്ര ക്വിസ്

ഒന്നാം സ്ഥാനം : നിഹാൽ പി.സി
: ഫമീൽ യാസീൻ.കെ
: ഫുആദ് സനീൻ.കെ
ബെരണ്ടാം സ്ഥാനം : അമൽ സഫർ
മൂന്നാം സ്ഥാനം : നവാഫ് എം.കെ

# ART

## ചിത്രരചനാ മത്സരത്തിൽ
## പ്രോത്സാഹന സമ്മാനത്തിനർഹമായ ചിത്രം



Ajeeba Sherin VP
(Class- 10)



Salma mc
class 10



# WADI VOICE
## Students Bulletin

Staff Editor :
Jareer Illikkal
Student Editor :
Shana Yasmine

Lead Square WADIRAHMA
Kodiyathur
Mukkam,Calicut-673602 04952209137
www.wadirahma.org alislahwadirahma@gmail.com